## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ**

**ചോദ്യം നമ്പർ. 595** **28/09/2016-ൽ മറുപടിയ്ക്ക്.**

## ക്ഷീര കർഷകർ

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ .മോൻസ് ജോസഫ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | ക്ഷീര കർഷകർക്ക് നൽകുന്ന ക്ഷേമനിധി ബോർഡിന്റെ ചികിത്സാ സഹായം എല്ലാ രോഗങ്ങൾക്കും നൽകുവാൻ നടപടി സ്വീകരിക്കുമോ ; | (എ) എല്ലാത്തരം രോഗങ്ങൾക്കും ക്ഷീരസുരക്ഷാപദ്ധതി പ്രകാരം ചികിത്സാ സഹായം നൽകി വരുന്നു.<br>ക്ഷീരകർഷക ക്ഷേമനിധി സർക്കാർ സഹായത്തോടെ നടപ്പിലാക്കിവരുന്ന ക്ഷീരസുരക്ഷാ പദ്ധതി പ്രകാരം അപകട മരണം സംഭവിക്കുന്ന കർഷകന്റെ ആശ്രിതർക്ക് 50,000 രൂപ വീതവും കാൻസർ, ഹൃദ്രോഗം, വൃക്കസംബന്ധമായ രോഗങ്ങൾ പോലുള്ള മാരക രോഗങ്ങൾക്കും ആശുപത്രിയിൽ പ്രവേശനം അനിവാര്യമാകുന്ന എല്ലാ മേജർ ശസ്ത്രക്രിയകൾക്കും 15,000 രൂപ വീതവും സാംക്രമിക രോഗങ്ങൾ, പാമ്പുകടി, പേപ്പട്ടി വിഷത്തിനെതിരെയുള്ള കുത്തിവയ്പ്പുകൾ, ശസ്ത്രക്രിയ ആവശ്യമില്ലാത്ത മുറിവുകൾ എന്നിവയ്ക്ക് ബന്ധപ്പെട്ട കർഷകന് 2,000 രൂപ വീതവും നൽകിവരുന്നു. |
| (ബി) | കാലിത്തൊഴുത്ത് നിർമ്മാണത്തിന് നൽകുന്ന സബ്സിഡി തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) പരിശോധിക്കുന്നതാണ്. |
| (സി) | കുളമ്പു രോഗം മൂലം ഉൽപ്പാദനം ഇല്ലാതെ വരുകയും ചത്തുപോകുകയും ചെയ്യുന്ന ഉരുക്കളുടെ ഉടമസ്ഥർക്ക് അവയുടെ വിലയ്ക്ക് തുല്യമായ നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കുമോ ; | (സി) ഫണ്ടിന്റെ ലഭ്യതയ്ക്ക് ആനുപാതികമായി നഷ്ടപരിഹാരം നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ക്ഷീര കർഷകർക്കും, ക്ഷീര സംഘങ്ങൾക്കുമുള്ള കറന്റ് ചാർജ്, കാർഷിക മേഖലയ്ക്ക് തുല്യമായി നിശ്ചയിക്കാൻ വകുപ്പുതല നടപടി സ്വീകരിക്കുമോ ; | (ഡി) | പരിശോധിക്കുന്നതാണ്. |
| (ഇ) | കർഷകർക്ക് നൽകുന്ന പരമാവധി സബ്സിഡിതുക കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഇ) | |

സെക്ഷൻ ഓഫീസർ.